പ്രകാശവചനം ● സി.എം റഫീഖ് കോക്കൂർ

# സൽസ്വഭാവം വിശ്വാസിയുടെ മുഖമുദ്ര

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ ﷺ:
اَكْمَلُ الْمُؤْمِنِينَ إِيمَانًا أَحْسَنُهُمْ خُلُقًا، وَخِيَارُكُمْ خِيَارُكُمْ لِنِسَائِهِمْ.

**അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: വിശ്വാസികളിൽ പരിപൂർണനൻ നല്ല സ്വഭാവമുള്ളവനാകുന്നു. നിങ്ങളിൽ വെച്ചേറ്റവും ഉത്തമൻ നിങ്ങളുടെ ഇണകളോട് നല്ല നിലയിൽ വർത്തിക്കുന്നവരാണ് (തിർമിദി).**

സൽസ്വഭാവത്തിന് എന്തുമാത്രം പ്രാധാന്യമാണ് ഇസ്‌ലാം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന പ്രവാചക വചനങ്ങളിലൊന്നാണിത്. ആദർശ വിശ്വാസങ്ങളും ആരാധനാകർമങ്ങളും കഴിഞ്ഞാൽ, ഇസ്‌ലാമിൽ ഏറ്റവും മുഖ്യമായിട്ടുള്ളത് സൽസ്വഭാവം തന്നെയാണ്. ആരാധനാ കർമങ്ങളുടെ ലക്ഷ്യങ്ങളിലൊന്നും ഈ സൽസ്വഭാവ നിർമിതിയാണ്. നബി(സ) പറയുന്നത് കാണുക:

"നിങ്ങളിൽ ഏറ്റവും ഉത്തമന്മാർ ഏറ്റവും നല്ല സ്വഭാവക്കാരാണ്" (ബുഖാരി).

"അന്ത്യനാളിൽ സത്യവിശ്വാസിയുടെ തുലാസ്സിൽ ഏറ്റവും കനം തൂങ്ങുന്നത് സൽസ്വഭാവമായിരിക്കും" (തിർമിദി).

"പകലെല്ലാം നോമ്പനുഷ്ഠിക്കുകയും രാത്രി നിന്ന് നമസ്കരിക്കുകയും ചെയ്യുന്നവന്റെ പദവി സൽസ്വഭാവം വഴി തീർച്ചയായും സത്യവിശ്വാസിക്ക് നേടാൻ കഴിയും" (അബൂദാവൂദ്).

ഈ ഹദീസിൽ, സൽസ്വഭാവത്തെ സത്യവിശ്വാസവുമായി ബന്ധപ്പെടുത്തിയത് ചിന്തനീയമാണ്. ഈമാനിന്റെ പൂർത്തീകരണം സ്വഭാവ ശുദ്ധിയിലൂടെ മാത്രമേ സാധ്യമാകൂ. ഹൃദയത്തിൽ വേരൂന്നിയ വിശ്വാസം സൽസ്വഭാവത്തിലൂടെ പ്രതിഫലിച്ച് മറ്റുള്ളവർക്ക് അനുഗ്രഹമായി മാറണം. ഭൂമിയുടെ ആഴങ്ങളിലേക്ക് വേരാഴ്ത്തി ശാഖകൾ അന്തരീക്ഷത്തിൽ പടർത്തി, മൊത്തം സമൂഹത്തിന് സമൃദ്ധമായി മധുരഫലങ്ങൾ നൽകുന്ന ഉത്തമ വൃക്ഷത്തോട് സത്യവിശ്വാസത്തെ അല്ലാഹു ഉപമിച്ചത് പോലെ, മധുരിക്കുന്ന സ്വഭാവം മറ്റുള്ളവരോട് കാഴ്ച വെക്കാൻ സത്യവിശ്വാസിക്കാവണം.

'താങ്കൾ അത്യുൽകൃഷ്ട സ്വഭാവത്തിനുടമയാകുന്നു' എന്നതാണ് പ്രവാചകന് അല്ലാഹു നൽകിയ ഏറ്റവും വലിയ അംഗീകാരം.

സമൂഹത്തിൽ ഒരാളുടെ മഹത്വം നിർണയിക്കുന്നതും സ്വഭാവത്തെ മാനദണ്ഡമാക്കിയാണ്. സൽസ്വഭാവികളെ ഏവരും ഇഷ്ടപ്പെടുമ്പോൾ ദുസ്സ്വഭാവികളെ വെറുക്കുകയും അവരിൽ നിന്നാളുകൾ അകലുകയും ചെയ്യുന്നു.

'താങ്കൾ പരുഷപ്രകൃതനും കഠിന മനസ്കനുമായിരുന്നെങ്കിൽ താങ്കളിൽ നിന്നാളുകൾ അകലുമായിരുന്നു' എന്ന് പ്രവാചകനോട് അല്ലാഹു പറയാനുള്ള കാരണവും മറ്റൊന്നല്ല.

ഭാര്യമാരോട് സൽസ്വഭാവത്തോടെ പെരുമാറുക എന്നത് പ്രത്യേകം എടുത്ത് പറഞ്ഞത് അതിന്റെ പ്രാധാന്യത്തെയാണ് കുറിക്കുന്നത്. റസൂൽ(സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ പോലും ഇതു സംബന്ധമായി പരാമർശം നടത്തിയതായി കാണാം.

ഒരിക്കൽ മുആവിയ(റ) പ്രവാചകനോട് ചോദിച്ചു: പ്രവാചകരേ, ഞങ്ങൾക്ക് ഭാര്യമാരോടുള്ള കടമ എന്താണ്? അവിടുന്ന് പറഞ്ഞു: 'നീ ഭക്ഷിക്കുമ്പോൾ അവളെയും ഭക്ഷിപ്പിക്കുക, നീ വസ്ത്രം ധരിച്ചാൽ അവളെയും ധരിപ്പിക്കുക, നീ അവളുടെ മുഖത്തടിക്കുകയോ, ഇവളെന്ത് മാത്രം ദുഃസ്സ്വഭാവി എന്ന് പറഞ്ഞ് മാനം കെടുത്തുകയോ ചെയ്യാൻ പാടില്ല' (അബൂദാവൂദ്). ■